**മധുരമായ കുട്ടികളേ – ബാബ നിങ്ങൾ ആത്മാക്കളോട് ആത്മീയ സംഭാഷണം നടത്തുകയാണ്, നിങ്ങൾ ബാബയുടെ അടുത്തേയ്ക്ക് വന്നിരിക്കുന്നത് 21 ജന്മങ്ങളിലേയ്ക്ക് നിങ്ങളുടെ ജീവിതത്തെ ഇൻഷ്വർ ചെയ്യാനാണ്, നിങ്ങൾ അമരരായി മാറുന്ന തരത്തിൽ നിങ്ങളുടെ ജീവിതം ഇൻഷ്വർ ആവുകയാണ്.**

**ചോദ്യം:–** മനുഷ്യരും തന്റെ ജീവിതം ഇൻഷ്വർ ചെയ്യിക്കാറുണ്ട് അതുപോലെ നിങ്ങൾ കുട്ടികളും രണ്ടിലുമുള്ള അന്തരം എന്താണ്?
**ഉത്തരം:–** മനുഷ്യർ തന്റെ ജീവിതം ഇൻഷ്വർ ചെയ്യിക്കുന്നു അഥവാ മരിച്ചുപോയാൽ കുടുംബത്തിലുള്ളവർക്ക് പണം ലഭിക്കണം. നിങ്ങൾ കുട്ടികൾ ഇൻഷ്വർ ചെയ്യുന്നു 21 ജന്മങ്ങളിലേയ്ക്ക് മരിക്കുകയേ ചെയ്യരുത്. അമരരായി തീരണം. സത്യയുഗത്തിൽ ഒരു ഇൻഷ്വറൻസ് കമ്പനി ഉണ്ടായിരിക്കില്ല. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ ജീവിതത്തെ ഇൻഷ്വർ ചെയ്യുന്നു പിന്നീട് ഒരിയ്ക്കലും മരിക്കില്ല, ഈ സന്തോഷം ഉണ്ടായിരിക്കണം.

**ഗീതം:–** ഇന്ന് അതിരാവിലെ ആരാണീ വന്നത്...

**ഓം ശാന്തി**. ആത്മീയ അച്ഛനിരുന്ന് ആത്മീയ കുട്ടികളോട് ആത്മീയ സംഭാഷണം നടത്തുകയാണ്, നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ നമ്മളെ ഇപ്പോൾ 21 ജന്മവുമല്ല പകരം 40–50 ജന്മങ്ങളിലേയ്ക്ക് ഇൻഷ്വർ ചെയ്യുകയാണ്. അവർ ഇൻഷ്വർ ചെയ്യുന്നത് അഥവാ മരിച്ചുപോയാൽ കുടുംബത്തിന് പണം ലഭിക്കാനാണ്. നിങ്ങൾ ഇൻഷ്വർ ചെയ്യുന്നത് 21 ജന്മങ്ങളിലേയ്ക്ക് മരിക്കാതിരിക്കുന്നതിനാണ്. അമരരാക്കി മാറ്റുകയല്ലേ. നിങ്ങൾ അമരന്മാരായിരുന്നു, മൂലവതനവും അമരലോകമാണ്. മൂലവതനത്തിൽ മരിക്കുന്നതിന്റേയും ജീവിക്കുന്നതിന്റേയും കാര്യമില്ല. അത് ആത്മാക്കളുടെ നിവാസസ്ഥാനമാണ്. ഇപ്പോൾ ഈ ആത്മീയ സംഭാഷണം ബാബ കുട്ടികളുമായാണ് നടത്തുന്നത് മറ്റാരോടുമല്ല. ഏത് ആത്മാവിനാണോ സ്വയത്തെ അറിയുന്നത് അവരോടാണ് സംസാരിക്കുന്നത്. ബാക്കി ആർക്കും ബാബയുടെ ഭാഷയെ മനസ്സിലാക്കാൻ സാധിക്കില്ല. പ്രദർശിനിയിൽ എത്ര പേർ വരുന്നുണ്ട്, എന്താ അവർ നിങ്ങളുടെ ഭാഷ മനസ്സിലാക്കുന്നുണ്ടോ. വിരളം ചിലർ അല്പം മനസ്സിലാക്കും. നിങ്ങളും മനസ്സിലാക്കിക്കൊടുത്ത് മനസ്സിലാക്കിക്കൊടുത്ത് എത്ര വർഷങ്ങളായി എന്നിട്ടും കുറച്ചുപേരല്ലേ മനസ്സിലാക്കുന്നുള്ളൂ. എന്നാൽ ഇത് സെക്കന്റിൽ മനസ്സിലാകുന്ന കാര്യമാണ്. നമ്മൾ പാവനമായിരുന്ന ആത്മാക്കൾ തന്നെയാണ് ഇപ്പോൾ പതിതമായിരിക്കുന്നത് വീണ്ടും നമുക്ക് പാവനമായി മാറണം. അതിനായി മധുരമായ ബാബയെ ഓർമ്മിക്കണം. ബാബയേക്കാളും മധുരമായ വസ്തു മറ്റൊന്നുമില്ല. ഈ ഓർമ്മയിൽ തന്നെയാണ് മായയുടെ വിഘ്നം ഉണ്ടാകുന്നത്. ഇതും അറിയാം ബാബ നമ്മളെ അമരരാക്കി മാറ്റുന്നതിനായി വന്നിരിക്കുകയാണ്. പുരുഷാർത്ഥം ചെയ്ത് അമരനായി മാറി അമരപുരിയുടെ അധികാരിയാവണം. എല്ലാവരും അമരന്മാരാകും. സത്യയുഗത്തെ അമരലോകം എന്നാണ് വിളിക്കുന്നത്. ഇത് മൃത്യുലോകമാണ്. ഇത് അമരകഥയാണ്, ശങ്കരൻ പാർവ്വതിയ്ക്കു മാത്രം അമരകഥ കേൾപ്പിച്ചു എന്നല്ല. അതെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്. നിങ്ങൾ കുട്ടികൾ എന്നിൽ നിന്നും മാത്രം കേൾക്കൂ. എന്നെ മാത്രം ഓർമ്മിക്കൂ. ജ്ഞാനം എനിക്കുമാത്രമേ നൽകാൻ സാധിക്കൂ. ഡ്രാമാപ്ലാൻ അനുസരിച്ച് മുഴുവൻ ലോകവും തമോപ്രധാനമായി മാറിയിരിക്കുന്നു. അമരപുരിയിൽ രാജ്യം ഭരിക്കുക – ഇതിനെത്തന്നെയാണ് അമര പദവി എന്നു പറയുന്നത്. അവിടെ ഇൻഷ്വറൻസ് കമ്പനികൾ ഒന്നും തന്നെ ഉണ്ടാകില്ല. ഇപ്പോൾ നിങ്ങളുടെ ജീവിതം ഇൻഷ്വർ ചെയ്യുകയാണ്. നിങ്ങൾ ഒരിയ്ക്കലും മരിക്കില്ല. ഈ സന്തോഷം ബുദ്ധിയിൽ ഉണ്ടായിരിക്കണം. നമ്മൾ അമരപുരിയുടെ അധികാരിയാവുകയാണ്, അതുകൊണ്ട് അമരപുരിയെ ഓർമ്മിക്കേണ്ടതുണ്ട്. മൂലവതനം വഴിയാണ് പോകേണ്ടത്. ഇതും മന്മനാഭവയാണ്. മൂലവതനമാണ് മന്മനാഭവ, അമരപുരിയാണ് മദ്ധ്യാജീ ഭവ. ഓരോ കാര്യത്തിലും രണ്ട് ശബ്ദങ്ങൾ വരും. നിങ്ങൾക്ക് എതെല്ലാം പ്രകാരത്തിലുള്ള അർത്ഥങ്ങളാണ് മനസ്സിലാക്കിത്തരുന്നത്. അതിനാൽ ബുദ്ധിയിൽ ഇരിക്കണം. ഏറ്റവും കൂടുതൽ പരിശ്രമം ഇതിലാണ്. സ്വയം ആത്മാവാണെന്ന നിശ്ചയം ചെയ്യണം. നമ്മൾ ആത്മാക്കൾ ഈ ജന്മം എടുത്തിരിക്കുകയാണ്. 84 ജന്മങ്ങളിൽ ഭിന്ന–ഭിന്ന നാമ, രൂപ, ദേശ, കാലങ്ങളിൽ കറങ്ങിവന്നു. സത്യയുഗത്തിൽ ഇത്ര ജന്മം, ത്രേതയിൽ ഇത്ര... ഇതും ഒരുപാട് കുട്ടികൾ മറന്നുപോകുന്നു. മുഖ്യമായ കാര്യം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി മധുരമായ ബാബയെ ഓർമ്മിക്കുക എന്നതാണ്. ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും ഈ കാര്യം ബുദ്ധിയിലുണ്ടെങ്കിൽ സന്തോഷം ഉണ്ടാകും. വീണ്ടും ബാബ വന്നിരിക്കുകയാണ്, വരൂ വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ എന്ന് പറഞ്ഞ് ബാബയെയാണ് നമ്മൾ അരകല്പം ഓർമ്മിച്ചത്. പാവനമായിരിക്കുന്നത് മൂലവതന

ത്തിലും, അമരപുരിയായ സത്യയുഗത്തിലുമാണ്. ഭക്തിയിൽ മനുഷ്യർ പുരുഷാർത്ഥം ചെയ്യുന്നത് മുക്തിയിലേയ്ക്ക് അഥവാ കൃഷ്ണപുരിയിലേയ്ക്ക് പോകുന്നതിനാണ്. മുക്തി എന്നോ നിർവ്വാണ ധാമം എന്നോ പറഞ്ഞോളൂ, വാനപ്രസ്ഥം എന്ന വാക്ക് കൃത്യമാണ്. വാനപ്രസ്ഥികൾ നഗരത്തിൽ തന്നെയാണ് വസിക്കുന്നത്. സന്യാസിമാർ വീട് ഉപേക്ഷിച്ച് കാട്ടിലേയ്ക്ക് പോകുന്നു. ഇന്നത്തെ വാനപ്രസ്ഥികളിൽ ഒരു ശക്തിയുമില്ല. സന്യാസിമാരാണെങ്കിൽ ബ്രഹ്മത്തെ ഭഗവാനെന്ന് പറയുന്നു. ബ്രഹ്മലോകം എന്ന് പറയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ആരുടേയും പുനർജന്മം അവസാനിക്കുന്നില്ല. തന്റെ തന്നെ പാർട്ട് എല്ലാവരും അഭിനയിക്കുന്നു. വന്ന് പോകന്നതിൽ നിന്നും ആർക്കും രക്ഷപ്പെടാൻ സാധിക്കില്ല. ഈ സമയത്ത് കോടിക്കണക്കിന് മനുഷ്യരുണ്ട് ഇനിയും വന്നുകൊണ്ടിരിക്കുന്നുണ്ട്, പുനർജന്മം എടുത്തുകൊണ്ടിരിക്കും. അങ്ങനെ ഒന്നാം നില കാലിയാകും. മൂലവതനമാണ് ഒന്നാം നില, സൂക്ഷ്മവതനമാണ് രണ്ടാം നില. ഇതാണ് മൂന്നാം നില അഥവാ ഇതിനെ ഗ്രൗണ്ട് ഫ്ളോറെന്നും പറയും. മറ്റ് നിലകളൊന്നുമില്ല. അവർ കരുതുന്നത് നക്ഷത്രങ്ങളിലും ലോകമുണ്ട് എന്നാണ്. എന്നാൽ ഇല്ല. ആദ്യത്തെ നിലയിൽ ആത്മാക്കളാണ് വസിക്കുന്നത്. ബാക്കി മനുഷ്യർക്കുള്ളതാണ് ഈ ലോകം.

നിങ്ങൾ പരിധിയില്ലാത്ത വൈരാഗ്യമുള്ള കുട്ടികളാണ്, നിങ്ങൾ ഈ പഴയ ലോകത്തിൽ ഇരുന്നുകൊണ്ടും ഈ കണ്ണുകൾകൊണ്ട് എല്ലാം കണ്ടുകൊണ്ടും കാണരുത്. ഇതാണ് മുഖ്യമായ പുരുഷാർത്ഥം, എന്തുകൊണ്ടെന്നാൽ ഇതെല്ലാം ഇല്ലാതാകാൻ പോകുന്നതാണ്. വീടും കുടുംബവും വേണ്ട എന്നല്ല. ഉണ്ട് എന്നാൽ അതിനോട് വൈരാഗ്യം വേണം അർത്ഥം മുഴുവൻ പഴയ ലോകത്തോടും വൈരാഗ്യം. ഭക്തി, ജ്ഞാനം പിന്നീട് വൈരാഗ്യം. ഭക്തിയ്ക്ക് ശേഷമാണ് ജ്ഞാനം, പിന്നീട് ഭക്തിയോട് വൈരാഗ്യം ഉണ്ടാകുന്നു. ബുദ്ധികൊണ്ട് മനസ്സിലാക്കുന്നുണ്ട് ഇത് പഴയലോകമാണെന്നത്. ഇത് നമ്മുടെ അന്തിമ ജന്മമാണ്, ഇപ്പോൾ എല്ലാവർക്കും തിരിച്ച് പോകണം. ചെറിയ കുട്ടികളിലും ശിവബാബയുടെ ഓർമ്മ ഉണർത്തണം. തലതിരിഞ്ഞ ഭക്ഷണ- പാനീയ ശീലങ്ങൾ ഉണ്ടാവരുത്. ചെറുപ്പത്തിൽ എന്താണോ ശീലിപ്പിക്കുന്നത് അതാണ് സദാ കാലത്തേയ്ക്ക് ഉണ്ടാവുക. ഇക്കാലത്ത് സംഗദോഷം വളരെ മോശമാണ്. സത്സംഗം ഉയർത്തും കുസംഗം താഴ്ത്തും... ഇത് വിഷയ സാഗരമാണ് വേശ്യാലയമാണ്. സത്യം ഒരേയൊരു പരമപിതാ പരമാത്മാവാണ്. ഈശ്വരൻ ഒന്നേയുള്ളൂ എന്ന് പറയാറുണ്ട്. ആ ബാബ വന്ന് സത്യമായ കാര്യം മനസ്സിലാക്കിത്തരികയാണ്. ബാബ പറയുന്നു അല്ലയോ ആത്മീയ കുട്ടികളേ, ഞാൻ നിങ്ങളുടെ പിതാവ് നിങ്ങളോട് ആത്മീയ സംഭാഷണം നടത്തുകയാണ്. നിങ്ങൾ എന്നെ വിളിക്കുന്നില്ലേ. ഞാൻ തന്നെയാണ് ജ്ഞാനസാഗരൻ, പതിത പാവനൻ. പുതിയ സൃഷ്ടിയുടെ രചയിതാവാണ്. പഴയ സൃഷ്ടിയെ വിനാശം ചെയ്യുന്നു. ഈ ത്രിമൂർത്തികൾ പ്രസിദ്ധമാണ്. ഉയർന്നതിലും ഉയർന്നതാണ് ശിവൻ. പിന്നീട് സൂക്ഷ്മവതനത്തിലാണ് ബ്രഹ്മാ- വിഷ്ണു- ശങ്കരന്മാർ. അവരുടെ സാക്ഷാത്ക്കാരവും ഉണ്ടാകുന്നു കാരണം പവിത്രമല്ലേ. അവരെ ചൈതന്യത്തിൽ ഈ കണ്ണുകൾകൊണ്ട് കാണാൻ സാധിക്കില്ല. വളരെ തീവ്രമായ ഭക്തിയിലൂടെ കാണാൻ സാധിക്കും. അഥവാ ആരെങ്കിലും ഹനുമാന്റെ ഭക്തരാണെന്ന് കരുതൂ അവർക്ക് ഹനുമാന്റെ സാക്ഷാത്ക്കാരം ലഭിക്കും. ശിവന്റെ ഭക്തരോട് നുണ പറഞ്ഞിരിക്കുകയാണ് അതായത് പരമാത്മാവ് അഖണ്ഢ ജ്യോതിസ്വരൂപനാണെന്ന്. ബാബ പറയുന്നു ഞാൻ സത്യത്തിൽ ഇത്രയും ചെറിയ ബിന്ദുവാണ്, അവർ പറയുന്നു അഖണ്ഢ ജ്യോതിസ്വരൂപത്തെ അർജുനന് കാണിച്ചുകൊടുത്തുവെന്ന്. അർജുനൻ പറഞ്ഞു മതി ഇനി എനിക്ക് സഹിക്കാൻ സാധിക്കില്ല. അർജ്ജുനന് സാക്ഷാത്ക്കാരം ഉണ്ടായതായി ഗീതയിൽ എഴുതിയിട്ടുണ്ട്. അഖണ്ഢജ്യോതിയുടെ സാക്ഷാത്ക്കാരം ഉണ്ടായി എന്ന് മനുഷ്യർ കരുതുന്നു. ഇപ്പോൾ ബാബ പറയുന്നു ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ മനസ്സിനെ സന്തോഷിപ്പിക്കുന്നതിനുള്ള കാര്യങ്ങളാണ്. ഞാൻ അഖണ്ഢജ്യോതി സ്വരൂപനാണെന്ന് ഞാൻ പറയുന്നില്ല. എങ്ങനെയാണോ നിങ്ങളുടെ ആത്മാവ് ബിന്ദുരൂപം അതുപോലെത്തന്നെയാണ് ഞാനും. നിങ്ങൾ എങ്ങനെ ഡ്രാമയുടെ ബന്ധനത്തിലാണോ അതുപോലെ ഞാനും ഡ്രാമയിൽ ബന്ധിതനാണ്. എല്ലാ ആത്മാക്കൾക്കും അവരവരുടേതായ പാർട്ട് ലഭിച്ചിട്ടുണ്ട്. പൂനർജന്മം എല്ലാവർക്കും എടുക്കണം. നമ്പർവൈസായി എല്ലാവർക്കും വരണം. ആദ്യ നമ്പറിലുള്ളയാൾ പിന്നീട് താഴേയ്ക്ക് വരുന്നു. എത്ര കാര്യങ്ങളാണ് ബാബ മനസ്സിലാക്കിത്തരുന്നത്. ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട് സൃഷ്ടിയാകുന്ന ചക്രം കറങ്ങിക്കൊണ്ടിരിക്കും. എങ്ങനെയാണോ പകലിനുശേഷം രാത്രി വരുന്നത് അതുപോലെ കലിയുഗത്തിനുശേഷം സത്യയുഗം, പിന്നീട് ത്രേതാ... പിന്നീട് സംഗമയുഗം വരുന്നു. സംഗമയുഗത്തിലാണ് ബാബ പരിവർത്തനപ്പെടുത്തുന്നത്. ആരാണോ സതോപ്രധാനമായിരുന്നത് അവർ തന്നെയാണ് ഇപ്പോൾ തമോപ്രധാനമായിരിക്കുന്നത്. അവർ തന്നെ പിന്നീട് സതോപ്രധാനമായി മാറും. അല്ലയോ പതിതപാവനാ വരൂ എന്ന് പറഞ്ഞ് വിളിക്കുന്നുമുണ്ട്. അതിനാൽ ഇപ്പോൾ പറയുന്നു മന്മനാഭവ. ഞാൻ ആത്മാവാണ്, എനിക്ക് ബാബയെ ഓർമ്മിക്കണം. ഇത് യഥാർത്ഥരീതിയിൽ വളരെ കുറച്ചുപേരേ മനസ്സിലാക്കുന്നുള്ളു. ആത്മാക്കളുടെ പിതാവായ ഞാൻ എത്ര മധുരമാണ്. ആത്മാവുതന്നെയല്ലേ മധുരമായത്. ശരീരം നശിച്ചുപോകും ശേഷം ആത്മാവിനെയല്ലേ വിളിക്കുന്നത്. സ്നേഹിക്കുന്നത് ആത്മാവിനെത്തന്നെയല്ലേ. സംസ്ക്കാരം ആത്മാവിലാണുള്ളത്. ആത്മാവാണ് പഠിക്കുന്നതും

കേൾക്കുന്നതും, ശരീരം ഇല്ലാതാകും. ഞാൻ ആത്മാവ് അമരനാണ്. പിന്നീട് നിങ്ങൾ എനിക്കുവേണ്ടി എന്തിനാണ് കരയുന്നത്? ഇത് ദേഹാഭിമാനമല്ലേ. നിങ്ങൾക്ക് ദേഹത്തോട് സ്നേഹമുണ്ട്, സ്നേഹം വേണ്ടത് ആത്മാവിനോടാണ്. അവിനാശിയായ വസ്തുവിനോടായിരിക്കണം സ്നേഹം. വിനാശിയായ വസ്തുവിനുമേൽ സ്നേഹം ഉള്ളതിനാലാണ് വഴക്കിടുന്നതും അടികൂടുന്നതും. സത്യയുഗത്തിൽ ദേഹീ അഭിമാനികളാണ്, അതിനാൽ സന്തോഷത്തോടെ ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കുന്നു. കരയുകയോ നിലവിളിക്കുകയോ ചെയ്യുന്നില്ല.

നിങ്ങൾ കുട്ടികൾക്ക് നിങ്ങളുടെ ആത്മ അഭിമാനി സ്ഥിതി ഉണ്ടാക്കുന്നതിനുള്ള അഭ്യാസം വളരെ അധികം ചെയ്യണം– ഞാൻ ആത്മാവാണ്, എന്റെ സഹോദരന് (ആത്മാവിന്) ബാബയുടെ സന്ദേശം നൽകുകയാണ്, നമ്മുടെ സഹോദരൻ ഈ കർമ്മേന്ദ്രിയങ്ങളിലൂടെ കേൾക്കുകയാണ്, ഇങ്ങനെയുള്ള അവസ്ഥ സമ്പാദിക്കൂ. ബാബയെ ഓർമ്മിച്ചുകൊണ്ടിരുന്നാൽ വികർമ്മം വിനാശമാകും. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, അവരെയും ആത്മാവാണെന്ന് മനസ്സിലാക്കൂ അപ്പോൾ ഉറച്ച ശീലം ഉണ്ടാകും, ഇതാണ് ഗുപ്തമായ പരിശ്രമം. അന്തർമുഖിയായി ഈ അവസ്ഥയെ പക്കയാക്കണം. എത്ര സമയം നൽകാൻ സാധിക്കുമോ അത്രയും സമയം ഇതിൽ ഉപയോഗിക്കൂ. 8 മണിക്കൂർ ജോലിയെല്ലാം ചെയ്തോളൂ. ഉറങ്ങുകയും ചെയ്യൂ. ബാക്കി സമയം ഇതിൽ ഉപയോഗിക്കൂ. 8 മണിക്കൂറിൽ എത്തണം അപ്പോൾ നിങ്ങൾക്ക് വളരെ അധികം സന്തോഷം ഉണ്ടാകും. പതിത പാവനനായ ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. സംഗമത്തിൽ ഇപ്പോഴാണ് നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നത്. മുഴുവൻ മഹിമയും ഈ സംഗമത്തിനാണ്, എന്തുകൊണ്ടെന്നാൽ ഇപ്പോഴാണ് ബാബയിരുന്ന് നിങ്ങൾക്ക് ജ്ഞാനം പറഞ്ഞുതരുന്നത്. ഇതിൽ സ്ഥൂലമായ ഒരു കാര്യവുമില്ല. നിങ്ങൾ എന്തെല്ലാം എഴുതുന്നുണ്ടോ അതെല്ലാം ഇല്ലാതാകും. പോയിന്റെസ് നോട്ട് ചെയ്യുന്നത് ഓർമ്മയിൽ നിൽക്കാൻ വേണ്ടിയാണ്. ചിലരുടെ ബുദ്ധി തീക്ഷ്ണമായിരിക്കും അതിനാൽ ഓർമ്മ നിലനിൽക്കും. നമ്പർവൈസ് തന്നെയല്ലേ. മുഖ്യമായ കാര്യം ബാബയെ ഓർമ്മിക്കുക അതുപോലെ സൃഷ്ടി ചക്രത്തെ ഓർമ്മിക്കുക എന്നതാണ്. ഒരു വികർമ്മവും ചെയ്യരുത്. ഗൃഹസ്ഥത്തിലും ഇരിക്കണം. തീർച്ചയായും പവിത്രമായി മാറണം. ചില മോശം ചിന്തകളുള്ള കുട്ടികൾ കരുതുന്നൂ– എനിക്ക് ഇന്നയാൾ വളരെ നല്ലതായി തോന്നുന്നു, ഇവരെ എനിക്ക് ഗാന്ധർവ്വ വിവാഹം കഴിക്കണം. എന്നാൽ ഈ ഗാന്ധർവ്വ വിവാഹം കഴിക്കേണ്ടത് മിത്ര സംബന്ധികൾ വളരെ അധികം ബുദ്ധിമുട്ടിക്കുമ്പോൾ അവരെ രക്ഷിക്കാൻ വേണ്ടിയാണ്. അല്ലാതെ എല്ലാവരും ഞങ്ങൾ ഗാന്ധർവ്വ വിവാഹം കഴിക്കും എന്ന് പറയുമോ. അങ്ങനെയുള്ളവർക്ക് നിൽക്കാൻ സാധിക്കില്ല. ആദ്യ ദിവസം തന്നെ ഗട്ടറിൽ ചെന്ന് പതിക്കും. നാമ രൂപങ്ങളിൽ മനസ്സ് കുടുങ്ങും. ഇത് വളരെ മോശമായ കാര്യമാണ്. ഗാന്ധർവ്വവിവാഹം കഴിക്കുക എന്നത് ചിറ്റമ്മയുടെ വീട്ടിൽ പോകുന്നതുപോലെ എളുപ്പമല്ല. പരസ്പരം ഇഷ്ടപ്പെട്ടാൽ ഗാന്ധർവ്വവിവാഹം കഴിക്കാം എന്ന് പറയുന്നു. ഇതിൽ സംബന്ധികൾ വളരെ ശ്രദ്ധയോടെയിരിക്കണം. ഈ കുട്ടി കാര്യത്തിന് കൊള്ളാത്തതാണ് എന്ന് മനസ്സിലാക്കണം. ആരോടാണോ ഇഷ്ടം തോന്നുന്നത് അവരിൽ നിന്നും മാറ്റണം. ഇല്ലെങ്കിൽ സംസാരിച്ചുകൊണ്ടിരിക്കും. ഈ സഭയിൽ വളരെ ശ്രദ്ധയോടെയിരിക്കണം. മുന്നോട്ട് പോകവേ വളരെ നിയമാനുസരണമാവും സഭ കൂടുക. ഇങ്ങനെയുള്ള ചിന്തകളുള്ളവരെ വരുവാൻ അനുവദിക്കില്ല.

ഏത് കുട്ടികളാണോ ആത്മീയ സേവനത്തിൽ താല്പര്യത്തോടെ കഴിയുന്നത്, ആരാണോ യോഗത്തിൽ ഇരുന്ന് സേവനം ചെയ്യുന്നത്, അവരാണ് സത്യയുഗീ രാജധാനിയുടെ സ്ഥാപനയിൽ സഹായിയാവുന്നത്. സേവനയോഗ്യരായ കുട്ടികൾക്ക് ബാബയുടെ നിർദ്ദേശമാണ് – വിശ്രമം നിഷിദ്ദമാണ്. ആരാണോ കൂടുതൽ സേവനം ചെയ്യുന്നത് അവർ പോയി രാജാവും റാണിയുമാകും. ആരെല്ലാമാണോ പരിശ്രമിക്കുന്നത്, തനിക്കുസമാനമാക്കി മാറ്റുന്നത്, അവരിൽ ശക്തിയും ഉണ്ടാകും. സ്ഥാപന ഡ്രാമ അനുസരിച്ച് ഉണ്ടാവുക തന്നെ വേണം. നല്ല രീതിയിൽ എല്ലാ പോയിന്റുകളും ധാരണ ചെയ്ത് പിന്നീട് സേവനത്തിൽ മുഴുകണം. വിശ്രമം മോശമാണ്. സേവനം തന്നെ സേവനമായിരിക്കണം, അപ്പോൾ ഉയർന്ന പദവി നേടും. മേഘം വന്നു റിഫ്രഷായി പോയി സേവനത്തിൽ മുഴുകി. നിങ്ങളുടെ ഒരുപാട് സേവനം നടക്കും. വ്യത്യസ്ത ചിത്രങ്ങൾ ഇറങ്ങും അതിലൂടെ ആളുകൾ പെട്ടെന്ന് മനസ്സിലാക്കും. ഈ ചിത്രങ്ങളും നല്ലതായിക്കൊണ്ടിരിക്കും. ഇതിലും ആരാണോ നമ്മുടെ ബ്രാഹ്മണ കുലത്തിലുള്ളത് അവർ നല്ലരീതിയിൽ മനസ്സിലാക്കും. മനസ്സിലാക്കിക്കൊടുക്കുന്നവരും സമർത്ഥരാണെങ്കിൽ അൽപം മനസ്സിലാക്കും. ആരാണോ നല്ലരീതിയിൽ ധാരണ ചെയ്യുന്നത്, ബാബയെ ഓർമ്മിക്കുന്നത് – അവരെ മുഖം കണ്ടാൽ തന്നെ തിരിച്ചറിയാൻ സാധിക്കും. ബാബാ ഞങ്ങൾ അങ്ങയിൽ നിന്നും പൂർണ്ണ സമ്പത്ത് എടുക്കും എന്നു പറയും അതിനാൽ അവരുടെ ഉള്ളിൽ സന്തോഷത്തിന്റെ വാദ്യം മുഴങ്ങിക്കൊണ്ടിരിക്കും, സേവനത്തിൽ വളരെ അധികം താല്പര്യമുണ്ടാകും. റിഫ്രഷ് ആയാൽ ഉടൻ അവർ പായും. സേവനത്തിന് വേണ്ടി ഓരോ സെന്ററുകളിൽ നിന്നും ധാരാളം പേർ തയ്യാറാകണം. നിങ്ങളുടെ സേവനം വളരെ അധികം വ്യാപിച്ചുകൊണ്ടിരിക്കും. നിങ്ങളുടെയടുത്ത് വന്നുകൊണ്ടിരിക്കും. അവസാനം ഒരു ദിവസം സന്യാസിമാരും വരും. ഇപ്പോഴാണെ

ങ്കിൽ അവരുടെ രാജ്യമാണ്. അവരുടെ കാലുകളിൽ ചെന്ന് വീഴുന്നു, പൂജിക്കുന്നു. ബാബ പറയുന്നു ഇത് ഭൂതപൂജയാണ്. എനിക്കാണെങ്കിൽ കാലേയില്ല അതിനാൽ പൂജിക്കാനും അനുവദിക്കുന്നില്ല. ഞാൻ ഈ ശരീരം ലോണായി എടുത്തതാണ് അതിനാലാണ് ഇദ്ദേഹത്തെ ഭാഗ്യശാലീ രഥം എന്നു പറയുന്നത്.
ഈ സമയത്ത് നിങ്ങൾ കുട്ടികൾ വളരെ സൗഭാഗ്യശാലികളാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾ ഇവിടെ ഈശ്വരീയ സന്താനങ്ങളാണ്. മഹിമയുമുണ്ട് ആത്മാവും പരമാത്മാവും വലരെക്കാലം വേർപെട്ടിരുന്നു... അതിനാൽ ആരാണോ ഒരുപാടുകാലമായി വേറിട്ടിരുന്നത് അവരാണ് വരുന്നത്, അവരെ തന്നെയാണ് വന്ന് പഠിപ്പിക്കുന്നത്. കൃഷ്ണനെക്കുറിച്ച് ഇങ്ങനെ പറയാൻ സാധിക്കില്ല. കൃഷ്ണൻ പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നു. ഇതാണ് അന്തിമ ജന്മം, അതിനാലാണ് ശ്യാമ സുന്ദരൻ എന്നാണ് പേരുവെച്ചിരിക്കുന്നത്. ശിവൻ ആരാണെന്നതും ആർക്കും അറിയില്ല. ഈ കാര്യങ്ങൾ ബാബയാണ് വന്ന് മനസ്സിലാക്കിത്തരുന്നത്. ഞാനാണ് പരമാത്മാവ്, പരമധാമ നിവാസി. നിങ്ങളും അവിടെ വസിക്കുന്നവരാണ്. ഞാൻ സുപ്രീം പതിത പാവനനാണ്. നിങ്ങൾ ഇപ്പോൾ ഈശ്വരീയ ബുദ്ധിയുള്ളവരായിരിക്കുന്നു. ഈശ്വരന്റെ ബുദ്ധിയിൽ എന്ത് ജ്ഞാനമാണോ ഉള്ളത് അതിപ്പോൾ നിങ്ങൾക്ക് നൽകുന്നു. സത്യയുഗത്തിൽ ഭക്തിയുടെ കാര്യമില്ല. ഈ ജ്ഞാനം ഇപ്പോഴാണ് നിങ്ങൾക്ക് ലഭിക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) അന്തർമുഖിയായി തന്റെ അവസ്ഥ വർദ്ധിപ്പിക്കണം, അഭ്യാസം ചെയ്യണം- ഞാൻ ആത്മാവാണ്, എന്റെ സഹോദരന് (ആത്മാവിന്) ബാബയുടെ സന്ദേശം നൽകുകയാണ്... ഇങ്ങനെ ആത്മാഭിമാനിയാകുന്നതിനുള്ള ഗുപ്തമായ പരിശ്രമം ചെയ്യണം.

2) ആത്മീയ സേവനം ചെയ്യുന്നതിനുള്ള ലഹരിയുണ്ടാവണം. തനിക്കുസമാനമാക്കി മാറ്റുന്നതിനുള്ള പരിശ്രമം ചെയ്യണം. സംഗദോഷം വളരെ മോശമാണ്, അതിൽ നിന്നും സ്വയത്തെ സംരക്ഷിക്കണം. തെറ്റായ ഭക്ഷണ പാനീയങ്ങളുടെ ശീലം ഉണ്ടാകരുത്.

## വരദാനം : വിശ്വകല്യാണമാകുന്ന കാര്യത്തിൽ സദാ ബിസിയായിട്ടിരിക്കുന്നവരായ വിശ്വത്തിലെ ആധാരമൂർത്തിയായി ഭവിക്കു.

വിശ്വ കല്യാണകാരിയായ കുട്ടികൾ സ്വപ്നത്തിൽ പോലും ഫ്രീ ആയിരിക്കില്ല. ആരാണോ രാത്രിയിലും പകലിലും സേവനത്തിൽ ബിസി ആയിരിക്കുന്നത് അവർക്ക് സ്വപ്നത്തിൽ പോലും പല പുതിയ പുതിയ കാര്യങ്ങളായി സേവനത്തിന്റെ പ്ലാനുകളും വിധികളും കാണപ്പെടും. അവർ സേവനത്തിൽ ബിസി ആയത് കാരണം തന്നെയും മറ്റുള്ളവരെയും വ്യർത്ഥത്തിൽ നിന്നും സുരക്ഷിതരാക്കി വെക്കും അവർക്കു മുന്നിൽ മുഴുവൻ വിശ്വത്തിലെ ആത്മാക്കളും സദാ എമർജായിരിക്കും അവർക്ക് അല്പം പോലും അലസത വരില്ല ഇങ്ങനെയുള്ള സേവാധാരി കുട്ടികൾക്ക് ആധാര മൂർത്തിയായി മാറാനുള്ള വരദാനം പ്രാപ്തമാകുന്നു.

## സ്ലോഗൻ : സംഗമയുഗത്തിലെ ഓരോരോ സെക്കന്റും വർഷങ്ങൾക്ക് തുല്യമാണ് അതുകൊണ്ട് അലസമായി സമയത്ത് നഷ്ടപ്പെടുത്തരുത്.

**അവ്യക്തസൂചന : 'കമ്പൈൻഡ് സ്വരൂപത്തിന്റെ സ്മൃതിയിലൂടെ വിജയികളായി മാറു'**
ആരോടൊപ്പമാണോ സ്വയം സർവ്വശക്തിവാൻ ബാബ കൈമ്പയിൻഡായിട്ടുള്ളത്, അവരോടൊപ്പം സർവ്വശക്തികളും കൂടെയുണ്ടാകും. എവിടെ സർവ്വശക്തികളും ഉണ്ടോ അവിടെ സഫലത ഉണ്ടാകാതിരിക്കുക ഇത് അസംഭവ്യമാണ്. ചിലർക്ക് ലൗകികത്തിൽ ഏതെങ്കിലും നല്ല കൂട്ടുകാരനെ ലഭിക്കുകയാണെങ്കിൽ അവരെ ഉപേക്ഷിക്കില്ലല്ലോ!! അതുപോലെ ബാബ അവിനാശിയായ കൂട്ടുകാരനാണ്. ഒരിക്കലും ചതിക്കുന്ന കൂട്ടുകാരൻ അല്ല. കൂട്ടുകെട്ടിന്റെ കടമ നിറവേറ്റുന്ന കൂട്ടുകാരനാണ്, അതുകൊണ്ട് തന്നെ ഇരിക്കൂ.